KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS
Vanross Junction, Kerala University P.O., Thiruvananthapuram - 695 034
Phone 0471 - 2326603/04

പത്രക്കുറിപ്പ് 08.08.2025

**ഒബ്സർവേഷൻ ഹോമിൽ രണ്ട് ദിവസം**
**ചൈൽഡ് സൈക്യാട്രിസ്റ്റിന്റെ സേവനം ഉറപ്പാക്കണം**
**-ബാലാവകാശ കമ്മിഷൻ**

തിരുവനന്തപുരം: എല്ലാ സർക്കാർ ഒബ്സർവേഷൻ ഹോമിലും ആഴ്ചയിൽ രണ്ട് ദിവസം ചൈൽഡ് സൈക്യാട്രിസ്റ്റിന്റെ സേവനം ഉറപ്പാക്കണമെന്ന് ബാലാവകാശ കമ്മിഷൻ ഉത്തരവായി. സർക്കാർ ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ ചൈൽഡ് സൈക്കോളജിസ്റ്റിന്റെ സേവനം ഉറപ്പാക്കണമെന്നും വനിതാ-ശിശു വികസന വകുപ്പ് സെക്രട്ടറിക്ക് കമ്മിഷൻ അംഗം എൻ. സുനന്ദ നിർദ്ദേശം നൽകി. തിരുവനന്തപുരം ജുവനൈൽ ഹോമിൽ കുട്ടി മരണപ്പെട്ടത് സംബന്ധിച്ച മാധ്യമവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മിഷൻ സ്വമേധയാ കേസെടുത്ത് നടപടി സ്വീകരിക്കുകയായിരുന്നു. മരണപ്പെട്ട കുട്ടിക്ക് പ്രാരംഭഘട്ടത്തിൽ വേണ്ടത്ര മാനസിക സാമൂഹിക ഇടപെടൽ നൽകിയിരുന്നില്ല. കുട്ടിക്ക് ലഭിച്ച പരിചരണം, സംരക്ഷണം, ക്ഷേമം എന്നിവ കാര്യക്ഷമമായിരുന്നില്ല എന്നും കമ്മിഷൻ വിലയിരുത്തുന്നു. ഉത്തരവിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് 3 മാസത്തിനകം ലഭ്യമാക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കമ്മിഷൻ നിർദ്ദേശം നൽകി.

പബ്ളിക് റിലേഷൻസ് ഓഫീസർ